REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 02-09-2025 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- **ലോകത്തെ സെമികണ്ടക്ടർ വിപണിയിൽ ഇന്ത്യ അടുത്തു തന്നെ സുപ്രധാന സാന്നിധ്യമാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **ഇന്ന് ലോക നാളികേര ദിനം. കേരളത്തിലെ നാളികേര ആവർത്തന കൃഷി ധനസഹായം വർദ്ധിപ്പിച്ചു.**
- **തദ്ദേശ സ്ഥാപന തിരഞ്ഞെടുപ്പിന്റെ അന്തിമ വോട്ടർപട്ടിക സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് പ്രസിദ്ധീകരിക്കും.**
- **സംസ്ഥാനത്ത് മഴയുടെ ശക്തി കുറഞ്ഞു. എല്ലാ ജില്ലകളിലും ഇന്ന് മഴയ്ക്ക് സാധ്യതയുണ്ടെന്നാണ് വിലയിരുത്തൽ.**
- **തിരുവനന്തപുരത്ത് കേരള ക്രിക്കറ്റ് ലീഗിൽ ഇന്ന് ആദ്യ മത്സരത്തിൽ ഉച്ചയ്ക്ക് കാലിക്കറ്റ് ഗ്ലോബ്സ്റ്റാർസ്, കൊച്ചി ബ്ലൂ ടൈഗേഴ്സിനെ നേരിടും.**

## വാർത്തകൾ വിശദമായി

21-ാം നൂറ്റാണ്ടിന്റെ ഊർജ്ജം മൈക്രോ ചിപ്പിൽ ഒതുങ്ങുന്ന അപാര ശേഷിയാണെന്നും, ലോക പുരോഗതിയെ അത് അതിവേഗത്തിൽ മുന്നോട്ടു നയിക്കുമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. കഴിഞ്ഞ നൂറ്റാണ്ടിൽ ലോകത്തിന്റെ ഭാവി നിർണയിച്ചിരുന്നത് പെട്രോളിയം ഉത്പന്നങ്ങളായിരുന്നു. ലോക സമ്പദ് വ്യവസ്ഥയുടെ ഗതി-വിഗതികളെ സ്വാധീനിച്ചതും എണ്ണ വിപണിയിലെ കയറ്റിറക്കിറങ്ങളായിരുന്നുവെന്നും അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു. ഇന്ത്യയുടെ സെമികണ്ടക്ടർ മേഖലയെ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച മൂന്ന് ദിവസത്തെ സെമികോൺ ഇന്ത്യ - 2025', യശോഭൂമിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ലോകത്തെ സെമികണ്ടക്ടർ വിപണി ഇപ്പോൾ 600 ബില്യൺ ഡോളറിലേറെയാണ്. അടുത്ത ഏതാനും വർഷങ്ങൾക്കകം അത് ഒരു ട്രില്യൺ ഡോളർ കവിയുമെന്നും പ്രധാനമന്ത്രി പറഞ്ഞു. ഈ വിപണിയിൽ സുപ്രധാന പങ്ക് വഹിക്കാൻ ഇന്ത്യ തയ്യാറെടുക്കുകയാണെന്നും സെമികോൺ ഇന്ത്യ സമ്മേളനത്തിൽ പ്രധാനമന്ത്രി വ്യക്തമാക്കി. ഇന്ത്യയുടെ ചിപ്പുകൾ ലോകത്തെ വലിയ മാറ്റങ്ങൾക്ക് പ്രേരണയാകുന്ന കാലം അകലെയല്ല. അല്പം വൈകിയാണ് ഇന്ത്യൻ ചിപ്പുകൾ തുടക്കം കുറിച്ചതെങ്കിലും, അതിന്റെ ദ്രുതയാത്ര ആർക്കും തടയാനാവില്ലെന്നും പ്രധാനമന്ത്രി പറഞ്ഞു.

സെമികണ്ടക്ടർ മേഖലയ്ക്ക് നിരവധി സംസ്ഥാനങ്ങൾ പ്രത്യേക നയങ്ങൾ ആവിഷ്ക്കരിച്ച് അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിച്ചു കഴിഞ്ഞു. എല്ലാ സംസ്ഥാനങ്ങളും സെമികണ്ടക്ടർ ആവാസവ്യവസ്ഥയിൽ ആരോഗ്യകരമായ മത്സരം കാഴ്ച വെയ്ക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

ആദ്യമായി ഇന്ത്യയിൽ നിർമ്മിച്ച ചിപ്പ് കേന്ദ്ര ഐടി മന്ത്രി അശ്വിനി വൈഷ്ണവ്, സെമി കോൺ ഇന്ത്യ ഉദ്ഘാടന ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് സമ്മാനിച്ചു. ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷന്റെ (ISRO) സെമികണ്ടക്ടർ ലബോറട്ടറി വികസിപ്പിച്ചെടുത്തതാണ് വിക്രം എന്ന് പേരിട്ടിരിക്കുന്ന ഈ ചിപ്പ്. വിക്ഷേപണ വാഹനങ്ങളിൽ ഉപയോഗിക്കാൻ യോഗ്യത നേടിയ, ഇന്ത്യയുടെ ആദ്യത്തെ തദ്ദേശീയ 32-ബിറ്റ് മൈക്രോപ്രൊസസറാണ് വിക്രം.

✪✪✪

ഇന്ന് ലോക നാളികേര ദിനം. നാളികേര ഉത്പാദക രാജ്യങ്ങളുടെ ഏഷ്യൻ ആൻഡ് പസഫിക് കോക്കനട്ട് കമ്മ്യൂണിറ്റി 1969-ൽ സ്ഥാപിതമായതിന്റെ ഓർമ്മയ്ക്കായാണ് സെപ്റ്റംബർ 2 ലോക നാളികേര ദിനമായി ആചരിക്കുന്നത്.

നാളികേരത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും വൈവിദ്ധ്യ ഉപയോഗങ്ങളെക്കുറിച്ചും ജനങ്ങളിൽ അവബോധം വളർത്തുകയാണ് ദിനാചരണത്തിന്റെ ലക്ഷ്യം.

✪✪✪

നാളികേര കർഷകർക്ക് നൽകുന്ന ധനസഹായം വർദ്ധിപ്പിച്ചതായി സംസ്ഥാന കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ് അറിയിച്ചു. തെങ്ങ് ആവർത്തനകൃഷിയ്ക്ക് ധനസഹായം 40 രൂപയിൽ നിന്ന് 350 രൂപയായി വർദ്ധിപ്പിച്ചു. ഈ വർഷം രണ്ടര ലക്ഷം തെങ്ങിൻ തൈകൾ ഉത്പാദിപ്പിച്ച് 50 ശതമാനം വിലക്കുറവിൽ കർഷകർക്ക് വിതരണം ചെയ്യും.

നിലവിൽ തെങ്ങിൻ തൈയ്ക്ക് നൽകുന്ന നാല് രൂപ സബ്സിഡി 45 രൂപയായി വർദ്ധിപ്പിക്കുമെന്നും ബോർഡ് തിരുവനന്തപുരത്ത് അറിയിച്ചു.

✪✪✪

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന്  ചെന്നൈയിൽ സിറ്റി യൂണിയൻ ബാങ്കിന്റെ 120-ാമത് സ്ഥാപക ദിനാഘോഷത്തിലും, തിരുവാരൂരിൽ തമിഴ്നാട് കേന്ദ്ര സർവകലാശാലയുടെ പത്താമത് ബിരുദദാന ചടങ്ങിലും പങ്കെടുക്കും.

✪✪✪

സിംഗപ്പൂർ പ്രധാനമന്ത്രി ലോറൻസ് വോംഗ് മൂന്ന് ദിവസത്തെ സന്ദർശനത്തിന് വൈകിട്ട്  ഡൽഹിയിലെത്തും. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ക്ഷണപ്രകാരം എത്തുന്ന വോംഗ്,  ഉഭയകക്ഷി ചർച്ചകളിൽ പങ്കെടുക്കും.  ഇന്ത്യയും സിംഗപ്പൂരുമായി ഒട്ടേറെ ധാരണാപത്രങ്ങളും സന്ദർശനവേളയിൽ ഒപ്പുവെക്കും. രാഷ്ട്രപതി ദ്രൗപതി മുർമുവുമായും പ്രധാനമന്ത്രി നരേന്ദ്രമോദിയുമായും വോംഗ്  ഉഭയകക്ഷി ചർച്ചയും നടത്തും.

✪✪✪

'യുദ്ധ് അഭ്യാസ് 2025' ന്റെ 21-ാം പതിപ്പിൽ പങ്കെടുക്കുന്നതിന് ഇന്ത്യൻ കരസേനയുടെ ഒരു സംഘം US ലെ അലാസ്കയിലെത്തിയതായി വിദേശകാര്യമന്ത്രാലയം അറിയിച്ചു. US സൈനികരുമായി ഇന്ത്യൻ സംഘം സംയുക്ത തന്ത്രപരമായ അഭ്യാസങ്ങളിൽ പങ്കെടുക്കും.

✪✪✪

ഇന്ത്യയിലെ ആദ്യത്തെ ഗ്രൗണ്ട് ഹാൻഡ്‌ലിംഗ് ഓപ്പറേഷൻസ് കമ്പനിയായ എയർ ഇന്ത്യ സാറ്റ്സിന് ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ സുരക്ഷാ അനുമതി നൽകി.

ഇതോടെ, ICAO മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഇത്തരമൊരു സമഗ്ര ചട്ടക്കൂട് നടപ്പിലാക്കുന്ന ഏഷ്യ-പസഫിക് മേഖലയിലെ രണ്ടാമത്തെ രാജ്യമായി ഇന്ത്യ മാറി.

മലേഷ്യയാണ് ഈ നേട്ടം കൈവരിച്ച ആദ്യത്തെ രാജ്യം.

✪✪✪

ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധിയുടെ ഹൈഡ്രജൻ ബോംബ് പരാമർശത്തെ കേന്ദ്രമന്ത്രി സതീഷ് ചന്ദ്ര ദൂബെ നിശിതമായി വിമർശിച്ചു. ആറ്റംബോംബോ, ഹൈഡ്രജൻ ബോംബോ തിരിച്ചറിയാത്ത അദ്ദേഹത്തെ,

സ്വന്തം പാർട്ടിക്കാർ പോലും ഗൗരവത്തിലെടുക്കാറില്ലെന്ന് കേന്ദ്രമന്ത്രി ഡൽഹിയിൽ പറഞ്ഞു.

ഇപ്പോൾ കോൺഗ്രസ് ഭരിക്കുന്ന മൂന്ന് സംസ്ഥാനങ്ങളിൽ പോലും വരുന്ന തിരഞ്ഞെടുപ്പിൽ പാർട്ടിയെ വിജയത്തിലെത്തിക്കാൻ രാഹുൽ ഗാന്ധിയ്ക്കാവില്ലെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ആരുടെയും വോട്ടുകൾ ആരും മോഷ്ടിച്ചിട്ടില്ലെന്നും, ഇന്ത്യക്കാരാണെന്നു പോലും തെളിയിക്കാൻ കഴിയാത്തവരെ വോട്ടർപട്ടികയിൽ ചേർക്കാനാണ് രാഹുൽ ഗാന്ധി ശ്രമിക്കുന്നതെന്നും ദൂബെ കുറ്റപ്പെടുത്തി.

✪✪✪

തദ്ദേശ സ്ഥാപന തിരഞ്ഞെടുപ്പിന്റെ അന്തിമ വോട്ടർപട്ടിക സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് പ്രസിദ്ധീകരിക്കും. അന്തിമ വോട്ടർപട്ടികയിൽ 25 ലക്ഷം പേർ പുതിയതായി ഇടംപിടിയ്ക്കുമെന്നാണ് കരുതുന്നത്.

29 ലക്ഷത്തി 81,310 പേരാണ് വോട്ടർപട്ടികയിൽ പേരു ചേർക്കാൻ അപേക്ഷിച്ചത്. ഇതിൽ 5,595 പേർ പ്രവാസികളാണ്. തിരുത്തലിന് 13,859 അപേക്ഷയും വാർഡ് മാറ്റാൻ ഒരു ലക്ഷത്തി 80,793 അപേക്ഷയും ലഭിച്ചു. പേര് ഒഴിവാക്കാൻ അപേക്ഷ നൽകിയത് 3,806 പേരാണ്.

28,731 പേരെ നീക്കാൻ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ സ്വമേധയാ നോട്ടീസ് നൽകി. നാല് ലക്ഷത്തി 16,700 പേരെ നീക്കാൻ രാഷ്ട്രീയ പാർടി പ്രതിനിധികൾ ഓൺലൈനായി അപേക്ഷിച്ചിട്ടുണ്ട്.

✪✪✪

സംസ്ഥാനത്ത് മഴയുടെ ശക്തി കുറഞ്ഞു. എല്ലാ ജില്ലകളിലും ഇന്ന് മഴയ്ക്ക് സാധ്യതയുണ്ടെന്നാണ് വിലയിരുത്തൽ. കേരള, ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മുതൽ മൂന്ന് ദിവസം മണിക്കൂറിൽ 40 മുതൽ 60 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഈ ദിവസങ്ങളിൽ മീൻപിടുത്തക്കാർ കടലിൽ പോകരുതെന്ന് നിർദേശമുണ്ട്.

✪✪✪

തിരുവനന്തപുരത്ത് കേരള ക്രിക്കറ്റ് ലീഗിൽ ഇന്ന് ആദ്യ മത്സരത്തിൽ ഉച്ചയ്ക്ക് കാലിക്കറ്റ് ഗ്ലോബ്സ്റ്റാർസ്, കൊച്ചി ബ്ലൂ ടൈഗേഴ്സിനെ നേരിടും. വൈകിട്ട് തൃശൂർ ടൈറ്റൻസ്, ട്രിവാൻഡ്രം റോയൽസുമായി ഏറ്റുമുട്ടും.

✪✪✪

സാധാരണക്കാരനും ഇടത്തരക്കാരനും ഓണം ബുദ്ധിമുട്ടില്ലാതെ ആഘോഷിക്കാനാണ് വിപണിയിൽ ഗവൺമെന്റ് ഇടപെടുന്നതെന്ന് മന്ത്രി J

ചിഞ്ചുറാണി പറഞ്ഞു. കർഷകരിൽ നിന്ന് പത്ത് ശതമാനം വില കൂട്ടി ശേഖരിക്കുന്ന പച്ചക്കറി, വിപണി വിലയേക്കാൾ 30 ശതമാനം വില കുറച്ചാണ് നൽകുന്നതെന്നും മന്ത്രി ഫേസ്ബുക്കിൽ അറിയിച്ചു.

✪✪✪

ഈ വർഷത്തെ ഓണം വാരാഘോഷത്തോട് അനുബന്ധിച്ച് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ വൈകിട്ട് അഞ്ചിന് പ്രദർശന വടം വലി നടത്തും. MLA മാർ, കോർപ്പറേഷൻ, ജില്ലാ പഞ്ചായത്ത്, സെക്രട്ടേറിയറ്റ് ജീവനക്കാർ, മാധ്യമ പ്രവർത്തകർ തുടങ്ങിയവർ വടംവലിയിൽ പങ്കെടുക്കും.

നഗരത്തിലെ ദീപാലങ്കാരം, മീഡിയ സെന്റർ എന്നിവയുടെ ഉദ്ഘാടനം വൈകിട്ട് ആറരയ്ക്കാണ്.

✪✪✪

കണ്ണൂർ ജില്ലയിൽ മഞ്ഞപ്പിത്ത വ്യാപനത്തിനെതിരെ ആരോഗ്യവകുപ്പ് നടപടി ശക്തമാക്കി. ഈ വർഷം ഇതുവരെ 2,000 കേസുകളാണ് ജില്ലയിൽ റിപ്പോർട്ട് ചെയ്തത്.

കണ്ണൂരിൽ നിന്ന് K.O ശശിധരന്റെ റിപ്പോർട്ട്.

......(വോയ്സ്)..........

✪✪✪

ഓണം പൂജകൾക്കായി ശബരിമലയിൽ നാളെ വൈകിട്ട് അഞ്ചിന് നട തുറക്കും.

പത്തനംതിട്ട പ്രതിനിധി ശ്രീജി S ശ്രീധർ.

..................(വോയ്സ്)......................

✪✪✪

ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിലെ ഓണസദ്യയ്ക്ക് വിഭവങ്ങളുമായി തിരുവോണത്തോണി യാത്ര തിരിച്ചു. കാട്ടൂർ മാങ്ങാട്ട് ഇല്ലത്തു നിന്ന് അനുഷ്ഠാനപരമായ ചടങ്ങുകളോടെയാണ് തിരുവോണത്തോണി പുറപ്പെട്ടത്.

ആറന്മുള ക്ഷേത്രത്തിലെ തിരുവോണ സദ്യ തോണിയിൽ എത്തിക്കുന്ന സാധനങ്ങൾ ഉപയോഗിച്ചാണ് തയ്യാറാക്കുന്നത്.

✪✪✪

ഓണത്തിന് മുന്നോടിയായി ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ പാലക്കാട് ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ പരിശോധന പുരോഗമിക്കുന്നു. വാളയാർ, മീനാക്ഷിപുരം അതിർത്തി ചെക്ക് പോസ്റ്റുകളിലും പാലക്കാട്, പട്ടാമ്പി സർക്കിളുകൾക്ക് കീഴിലും 80 കേന്ദ്രങ്ങളിൽ ആറ് സ്ക്വാഡുകളാണ് പരിശോധന നടത്തിയത്.

ചെക്ക് പോസ്റ്റുകളിലെ പരിശോധനയിൽ 86 ക്ഷീര സാമ്പിളുകൾ ലാബിലേക്ക് അയച്ചു. വരും ദിവസങ്ങളിലും പരിശോധന തുടരുമെന്ന് ഭക്ഷ്യ സുരക്ഷാ വകുപ്പ് അധികൃതർ വ്യക്തമാക്കി.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader:സയ്യിദ് അലി ശിഹാബ്*
*NRTs : അനിൽ ചന്ദ്രൻ*
*DEO : ഷീബ*